(സി) 228 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

23 (2323) അവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്ക് തഹസീൽദാർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അർഹമായ ആനുകൂല്യങ്ങൾ നൽകുവാൻ വ്യവസ്ഥയുണ്ടോ; ഇതു സംബന്ധിച്ച വിശദവിവരം നൽകുമോ;

(ബി) ഒന്നിലധികം പേർ അവകാശികളായി ഉള്ളപക്ഷം, അവകാശ സർട്ടിഫിക്കറ്റിൽ പേരു പറഞ്ഞിട്ടുള്ളവർ തങ്ങൾക്കുവേണ്ടികൂടി ആനുകൂല്യം സ്വീകരിക്കുവാൻ അതിൽ ഒരാളെ അവകാശ സർട്ടിഫിക്കറ്റിൽ നാമനിർദ്ദേശം ചെയ്യുന്നപക്ഷം ആനുകൂല്യങ്ങൾ പ്രസ്തുതയാളിന് നൽകുന്ന കാര്യത്തിൽ എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ;

(സി) ഇപ്രകാരം നാമനിർദ്ദേശം നൽകപ്പെടുന്ന കേസ്സുകളിൽ അൻപതു രൂപ പത്രത്തിൽ സമ്മതപത്രം എഴുതിക്കൊടുക്കണമെന്ന് വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വ്യവസ്ഥയുടെ വിശദാംശങ്ങൾ നൽകുമോ;

(ഡി) കേരള സർവീസ് റൂൾസ് ബാധകമാക്കിയിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഈ വ്യവസ്ഥ ബാധകമാണോ;

(ഇ) എങ്കിൽ എന്തടിസ്ഥാനത്തിൽ എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സർവീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർ ആരൊക്കെയാണെന്നു നിശ്ചയിക്കുന്നതിനുള്ള നോമിനേഷൻ ഇല്ലായെങ്കിൽ വകുപ്പു മേധാവി വകുപ്പു തലത്തിൽ അന്വേഷണം നടത്തിയാണ് കുടുംബാംഗങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകിവരുന്നത്. (റൂൾ 118 (2) പാർട്ട് 3 കെ.എസ്.ആർ) മൈനർ കുട്ടികളുടെ ഡി-ഫാക്ടോ രക്ഷിതാവിന് ആനുകൂല്യങ്ങൾ നൽകേണ്ടി വരുമ്പോഴും പെൻഷന്റെ ജീവിതകാല കുടിശ്ശികകൾ നൽകേണ്ടി വരുമ്പോഴും മാത്രമേ തഹസിൽദാരുടെ സർട്ടിഫിക്കറ്റ് ആവശ്യമുള്ളൂ.

(ബി) ഇല്ല.

(സി) മൈനർ അവകാശിയായിട്ടുണ്ടെങ്കിൽ മാത്രമേ ബോണ്ട് ആവശ്യമായി വരുന്നുള്ളൂ.

(ഡി)&(ഇ) കെ.എസ്.ആർ. പൂർണമായും ബാധകമാക്കിയിട്ടുണ്ടെങ്കിൽ ടി വ്യവസ്ഥ ബാധകമാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly